**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4275** **28-10-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖല ഏകദേശം 2015 മുതൽ പ്രതിസന്ധികൾ നേരിടുന്നു. ആഗോളതലത്തിൽ തോട്ടണ്ടിയുടെ വിലക്കൂടുതലും ദൗർലഭ്യവും, കശുവണ്ടി ഉല്പാദനത്തിലും വിപണനത്തിലും വിയറ്റ്നാമിന്റെ വളർച്ചയും ഈ വ്യവസായത്തിലെ ഇന്ത്യയുടെ കുത്തകയെ സാരമായി ബാധിച്ചു. വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങൾ പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കുകയും അതുവഴി സംസ്കരണത്തിന് വലിയ അളവിൽ തോട്ടണ്ടി അവർക്ക് ആവശ്യമായി വരികയും അന്താരാഷ്ട്ര വിപണിയിൽ ലഭ്യമാകുന്ന തോട്ടണ്ടി അവർ പരമാവധി വില നൽകി സംഭരിക്കുവാനും തുടങ്ങിയതിന്റെ ഫലമായി സംസ്ഥാനത്ത് തോട്ടണ്ടിയുടെ ദൗർലഭ്യം ഉണ്ടാവുകയും, തോട്ടണ്ടിക്ക് ഡിമാന്റ് വർദ്ധിക്കുകയും തന്മൂലം വില വർദ്ധിക്കുകയുമുണ്ടായി. യന്ത്രവത്ക്കരണത്തിലൂടെ വിയറ്റ്നാമിലെ ഉൽപ്പാദന ചെലവ് കേരളത്തിലേക്കാൾ കുറവായത് കാരണം വലിയ വിലയിൽ തോട്ടണ്ടി സംഭരിച്ചാലും അവർക്ക് നഷ്ടം ഉണ്ടാകുന്നില്ല. എന്നാൽ അന്താരാഷ്ട്ര വിപണിയിൽ നിന്നും വലിയ വിലയ്ക്ക് തോട്ടണ്ടി കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുമ്പോൾ ചെലവ് വളരെ കൂടുതലാകുന്നു. എന്നാൽ കശുവണ്ടി പരിപ്പിന്റെ വില അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടിവിലയ്ക്ക് ആനുപാതികമായി വർദ്ധിച്ചിട്ടില്ല. വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് ഉൽപ്പാദന ചെലവ് കുറവായതിനാൽ നിലവിലെ അന്താരാഷ്ട്ര വിലയ്ക്ക് വിറ്റാലും നഷ്ടം ഉണ്ടാകുന്നില്ല. വിയറ്റ്നാം, വിവിധ ആഫ്രിക്കൻ രാജ്യങ്ങൾ, ഇന്തോനേഷ്യ മുതലായ രാജ്യങ്ങളിൽ ഇപ്പോൾ ഫാക്ടറികൾ പ്രവർത്തനം ആരംഭിച്ചതിനാൽ അവർക്ക് ആവശ്യമുള്ള തോട്ടണ്ടി എടുത്തതിന് ശേഷം ബാക്കി ഉള്ളത് മാത്രമാണ് ആഗോള വിപണിയിൽ വിൽപ്പന |

| | | | |
|---|---|---|---|
| | | | നടത്തുന്നത്. വിയറ്റ്നാമിനെ പിൻതുടർന്ന് ഇന്ത്യയിലെ സ്വകാര്യ ഫാക്ടറികൾ യന്ത്രവത്ക്കരണം തുടങ്ങിയിരുന്നെങ്കിലും ബഹുഭൂരിപക്ഷം ഫാക്ടറികളും 2015 മുതൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ പ്രതിസന്ധിയിലായി. കൂടാതെ 2016 മുതൽ കേന്ദ്രസർക്കാർ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയതോടെ പ്രതിസന്ധി വീണ്ടും വർദ്ധിച്ചു. മേൽ പ്രതിസന്ധികൾ മൂലം സ്വകാര്യ ഫാക്ടറികൾ അടച്ചിടേണ്ടി വരികയും തൊഴിൽ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇറക്കുമതിയുമായി താരതമ്യപ്പെടുത്തുമ്പോൾ കയറ്റുമതി കുറവായതിനാൽ രൂപയുടെ മൂല്യത്തിനുണ്ടായ ഇടിവും കശുവണ്ടി വ്യവസായത്തെ സാരമായി ബാധിച്ചു. |
| (ബി) | പ്രതിസന്ധിക്ക് ഒരു കാരണം കശുവണ്ടി വികസന ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളി പ്രതിനിധികളുടെ പ്രൊഫഷണൽ അല്ലാത്ത സമീപനമാണ് എന്ന നിലപാട് സർക്കാരിനുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | അത്തരമൊരു നിലപാട് സർക്കാരിനില്ല. ബോർഡിന്റെ ഘടന പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ